## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ തിരുവനന്തപുരം,നടപടിക്രമം

വിഷയം:- ആവഡ-ജീവനക്കാര്യം-സ്പെഷ്യലിറ്റി കേഡർ-ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻ്റ് തസ്തികയിലെ സ്ഥലംമാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1 സ.ഉ(സാധാ)നം.1877/2024/ആ.കു.വ തീയതി 07/8/2024

2 ഒ.എ(ഇ.കെ.എം) 425/2024നം.കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ൻ്റെ 21/3/2024തീയതിയിലെ ഉത്തരവ്.

### ഉത്തരവ് നം:ആവഡ/23689/2024-ഇ.ബി4 തീയതി: 18-12-2024

പരാമർശം(2)ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ൻറെ വിധിന്യായം പാലിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം(1) -ലെ ഉത്തരവിൽ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻ്റ് ഡോ.വി.കെ ശ്യാം-നെ 2023 പൊതുസ്ഥലം മാറ്റത്തിൽ കൽപ്പറ്റ ജനറൽ ആശുപത്രിയിലേക്ക് നൽകിയ സ്ഥലമാറ്റം നിർബന്ധിത സ്ഥലമാറ്റത്തിന്റെ പട്ടികയിൽപ്പെടുന്നതാകയാൽ അപേക്ഷകൻ നിർബന്ധിത സ്ഥലംമാറ്റത്തിന്റെ കാലയളവ് പൂർത്തിയാക്കിയിട്ടുള്ള പക്ഷം 2024 പൊതുസ്ഥലംമാറ്റത്തിൽ ടിയാൻ സ്ഥലംമാറ്റത്തിനായി ഓപ്ഷൻ നൽകുന്ന പക്ഷം മാനദണ്ഡപ്രകാരമുള്ള മുൻഗണന നൽകി പരിഗണിക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

2024 പൊതുസ്ഥലംമാറ്റത്തിൽ ഡോ.ശ്യാം.വി.കെ യുടെ ഒന്നാമത്തെ ഓപ്ഷൻ ജില്ലാ ആശുപത്രി വടകര ആയിരുന്നു.ഇ.എൻ.ടി വിഭാഗം കൺസൽട്ടൻറ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മുഖേന വടകര ജില്ലാ ആശുപത്രിയിൽ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിരിക്കുന്നു.മേൽ സാഹചര്യത്തിൽ പരാമർശം (1)പ്രകാരമുള്ള സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് വയനാട് ജില്ലയിലെ കൽപ്പറ്റ ജനറൽ ആശുപത്രിയിലെ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ശ്യാം.വി.കെ യെ കോഴിക്കോട് ജില്ലയിൽ വടകര ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിൻ്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ആർ.ടി.സി യും ജോലിയിൽ പ്രവേശിക്കുന്ന ആർ.ടി.സി യും ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

Signed by
Reena K J
Date: 18-12-2024 17:02:01

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ

പകർപ്പ്:-

1 അക്കൗണ്ടന്റ് ജനറൽ(എ&ഇ),തിരുവനന്തപുരം
2 ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ/സ്ഥാപനമേധാവികൾ
3 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്